(ബി) കണക്കെടുത്ത ദിവസം ഡിവിഷൻ ഹാൾ ഒഴിവാക്കുന്നതിനായി പല സ്കൂളുകളിലും കൃത്രിമമായി കുട്ടികളെ ക്ലാസ്സുകളിൽ എത്തിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ സ്കൂളുകളിൽ ഈ വർഷം ഒന്നാം ക്ലാസ്സിൽ എത്ര കുട്ടികൾ ചേർന്നിട്ടുണ്ട്.

(ഡി) കഴിഞ്ഞ വർഷത്തെക്കാൾ ഒന്നാം ക്ലാസ്സിൽ കുട്ടികളുടെ എണ്ണത്തിൽ വന്നിട്ടുള്ള മാറ്റം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൂർത്തിയായി.

(ബി) ഇല്ല.

(സി) 4,42,965 കുട്ടികൾ.

(ഡി) 13,552 കുട്ടികളുടെ കുറവ് ഉണ്ടായിട്ടുണ്ട്.

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപിക-വിദ്യാർത്ഥി അനുപാതം

152 (2871) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപിക വിദ്യാർത്ഥി അനുപാതം ഈ വർഷം 1:40 ആയി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 ആയി നിജപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഈ വ്യത്യാസം മാറ്റുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:45 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

എൽ.പി., യു.പി., ഹൈസ്കൂൾ തലങ്ങളിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

153 (2872) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.പി., യു. പി., ഹൈസ്കൂൾ തലത്തിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് ദേശീയ അനുപാതവുമായി സർക്കാർ തുലനം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1:45.

(ബി) ദേശീയ അനുപാതവുമായി തുലനം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തൽ

154 (2873) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം ഒരു ദിവസം കൊണ്ട് തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് ഡിവിഷൻ കുറവ് വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഡിവിഷൻ കുറവ് വരുന്ന ഹൈസ്കൂൾ യു. പി. സ്കൂൾ, എൽ. പി. സ്കൂൾ, എന്നിവ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഡിവിഷൻ ഫാൾ വരുന്നത് കാരണം സംസ്ഥാനത്ത് എത്ര അദ്ധ്യാപകരുടെ പോസ്റ്റ് ഇല്ലാതാവും എന്നതും ഏതൊക്കെ വിഷയങ്ങളിലാണെന്നും വേർതിരിച്ച് ലഭ്യമാക്കുമോ ;

(ഡി) ഡിവിഷൻ ഫാൾ കാരണം ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കും എന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഏകദിന പരിശോധന മാത്രമേ കഴിഞ്ഞിട്ടുള്ളൂ. തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ഡിവിഷൻ കുറവ് എത്രയെന്ന് ഇപ്പോൾ പറയാനാവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിലവിലുള്ള നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly